(സി) അതിലേക്ക് ആവശ്യമുള്ള ഫണ്ട് ബ്ലോക്കിൽനിന്നും ലഭിക്കുവാനുണ്ടോ;

(ഡി) ടി പഞ്ചായത്തിൽ എവിടെയൊക്കെ ഇലക്ട്രിക് ലൈൻ നീട്ടുവാനുണ്ട്;

(ഇ) ഏതെല്ലാം ഇറിഗേഷൻ വർക്കുകൾ അവിടെ നടക്കുവാനുണ്ട്?

ഉത്തരം

(എ) ഈ കാലയളവിൽ ഒരു വികസന പ്രവർത്തനങ്ങളും ഈ പഞ്ചായത്തിൽ നടന്നിട്ടില്ല.

(ബി) 20 വില്ലേജ് റോഡുകൾ.

(സി) ഇല്ല.

(ഡി) വിശദ വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെന്റ് ഇതോടൊപ്പം ചേർത്തിരിക്കുന്നു. *

(ഇ) വിശദവിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെന്റ് ഇതോടൊപ്പം ചേർത്തിരിക്കുന്നു. *

കടമ്പനാട് പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങൾ.

159. [13] ശ്രീ. പി.സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) കടമ്പനാട് പഞ്ചായത്തിൽ 1953—നുശേഷം എന്തെല്ലാം വികസന പ്രവർത്തനങ്ങൾ 1963 ഡിസംബർവരെ നടന്നു;

(ബി) അതിൽ പഞ്ചായത്തു ഫണ്ട് എത്രമാത്രം ഉപയോഗിച്ചു;

(സി) ബ്ലോക്ക് ഫണ്ട് എത്രമാത്രം ഉപയോഗിച്ചു;

(ഡി) ടി പഞ്ചായത്തിൽ എവിടെയെല്ലാം ഇലക്ട്രിക് ലൈൻ നീട്ടുവാനുണ്ട്;

(ഇ) ഏതെല്ലാം ഇറിഗേഷൻ വർക്കുകൾ നടക്കുവാനുണ്ട്?

ഉത്തരം

(എ) വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെന്റ് ഇതോടൊപ്പം ചേർത്തിരിക്കുന്നു. *

(ബി) 18005 രൂപ.

(സി) 13460 രൂപ.

(ഡി) വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെന്റ് ഇതോടൊപ്പം ചേർത്തിരിക്കുന്നു.

(ഇ) നെല്ലുവേലിച്ചിറ, ശാസ്താംചിറ, എന്നീ ഇറിഗേഷൻ വർക്കുകൾ പൂർത്തിയാകാനുണ്ട്.

* Appendix VI.

* Appendix VII

* Appendix VIII.

LIBRARY ARCHIVES Kerala Legislative Assembly